# ശിക്ഷ നടപ്പാക്കും മുൻപ്

ഉന്നത ഉദ്യോഗസ്ഥന്റെ വിരമിക്കൽചടങ്ങിന് ആശംസയർപ്പിച്ചയാൾ ചോദിച്ചു: താങ്കൾ ഞങ്ങളെ തിരുത്തിയിട്ടുണ്ടെങ്കിലും ഒരിക്കലും ദേഷ്യപ്പെട്ടിട്ടില്ല. അതെങ്ങനെ സാധിച്ചു? മറുപടി പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: സ്കൂൾ പഠനകാലത്ത് എന്റെ അച്ഛനെ കാണാൻ ഞാൻ ഓഫിസിലെത്തിയപ്പോൾ അച്ഛൻ ബോസിന്റെ മുറിയിൽ നിന്ന് കരഞ്ഞുകൊണ്ടു പുറത്തേക്കുവരുന്നു. എനിക്ക് ലോകത്തിലെ ഏറ്റവും ശക്തിമാൻ എന്റെ അച്ഛനായിരുന്നു.



അച്ഛൻ കരയുന്നതു കണ്ടപ്പോൾ സഹിച്ചില്ല. ഞാൻ ബോസിന്റെ മുറിയിൽ ചെന്നു ചോദിച്ചു. എന്തിനാണ് എന്റെ അച്ഛനെ കരയിച്ചത്? അന്നു ഞാനൊരു തീരുമാനമെടുത്തു. ഞാനും പഠിച്ച് ഒരു ബോസാകും. പക്ഷേ, എന്റെ താഴെയുള്ള ഒരാളെയും ഞാൻ കരയിക്കില്ല.

എല്ലാവരും ചിലരുടെ പ്രിയപ്പെട്ടവരും മറ്റു ചിലരുടെ വെറുക്കപ്പെട്ടവരുമാണ്. ഒരാളുടെ ശത്രു മറ്റൊരാളുടെ അഭയസങ്കേതമാകാം. തനിക്ക് അപ്രിയരായവരെ അവഹേളിക്കുമ്പോൾ ചിലപ്പോഴെങ്കിലും അത്തരം ശരണാലയങ്ങൾ ആക്രമിക്കപ്പെടുകയാണ്.

ഒരാളോടു ചെയ്യാൻ കഴിയുന്ന ഏറ്റവും വലിയ അപരാധം അയാളെ ദൈവമായി കരുതുന്നവരുടെ മുന്നിൽവച്ച് അയാളെ അധിക്ഷേപിക്കുക എന്നതാണ്. അനിഷ്ട പ്രകടനത്തിലും അധികാരപ്രയോഗത്തിലും പുലർത്തേണ്ട ചില മിനിമം മര്യാദകളുണ്ട്. ആരുടെയും ആത്മാഭിമാനത്തിനു മുറിവേൽക്കരുത്, വാക്കുകളിലും ചേഷ്ടകളിലും പക്വതയുടെ കടിഞ്ഞാൺ ഉണ്ടാകണം, മറുപടിക്കുള്ള അവസരങ്ങൾ നിഷേധിക്കപ്പെടരുത്.

പുനഃക്രമീകരണത്തിന്റെയോ പുനർനിർമാണത്തിന്റെയോ സാധ്യതകളില്ലാത്ത എല്ലാ ഭിന്നസ്വരങ്ങളും ശാപവാക്കുകൾ മാത്രമാണ്. എല്ലാ ശിക്ഷാനടപടികളിലും രണ്ടു കാര്യങ്ങൾ പ്രസക്തമാണ്. ഏതു വിധത്തിൽ നടപ്പാക്കുന്നു, ആരൊക്കെ കാൺകെ നിർവഹിക്കുന്നു. തിരുത്തലാണു ലക്ഷ്യമെങ്കിൽ ശിക്ഷ സ്വകാര്യമാകണം. അവഹേളനമാണു ലക്ഷ്യമെങ്കിൽ ശിക്ഷ പരസ്യമാകണം. പൊതുശാസനമൂലം പ്രിയപ്പെട്ടവരുടെയും ആരാധകരുടെയും മുന്നിൽ തരംതാഴ്ത്തപ്പെട്ട ഒരാൾക്ക് ഉയിർത്തെഴുന്നേൽക്കാനുള്ള എന്തു കാരണമാണുണ്ടാകുക? രക്ഷിക്കാനാകാത്തവർക്കൊന്നും ശിക്ഷിക്കാനും അവകാശമില്ല.

**ശുഭദിനം** 05-12-2022

# ദിനചര്യകളിൽ ദൈവത്തെ കാണാം

ധനികൻ തന്റെ രണ്ടു ഫാക്ടറികളും അടച്ചുപൂട്ടി ഈശ്വരാന്വേഷകനാകാൻ തീരുമാനിച്ചു. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ കേൾക്കാൻ ധാരാളം ആളുകളെത്തി. താൻ എല്ലാം ഉപേക്ഷിക്കാനുണ്ടായ കാരണം അദ്ദേഹം അവരോടു പറഞ്ഞു: ഫാക്ടറിക്കടുത്ത് അപകടത്തിൽപെട്ട് രണ്ടു കാലിനും പരുക്കേറ്റു കിടക്കുന്ന നായയെ കണ്ടു. അതിനെ ആശുപത്രിയിലെത്തിച്ചു ചികിത്സ നൽകി. പിറ്റേന്നു മുതൽ ഞാനൊരു കാഴ്ച കണ്ടു. അനങ്ങാൻ കഴിയാതെ കിടക്കുന്ന നായയ്ക്ക് മറ്റൊരു നായ ഭക്ഷണമെത്തിക്കുന്നു.

പല ദിവസങ്ങളിലും ഇതാവർത്തിച്ചു. ദൈവം എല്ലാവരെയും സംരക്ഷിക്കുമെന്ന് അന്നെനിക്കു മനസ്സിലായി. അതുകൊണ്ട് ഞാനും ഫാക്ടറി നിർത്തി. ഇന്നുവരെ ഒന്നിനും കുറവു വന്നിട്ടില്ല. ആൾക്കൂട്ടത്തിലൊരാൾ എഴുന്നേറ്റ് അദ്ദേഹത്തെ കളിയാക്കി പറഞ്ഞു: നിങ്ങളിപ്പോൾ കാലൊടിഞ്ഞ നായയാണ്. മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുന്നു. പണ്ടു നിങ്ങൾ ഭക്ഷണം കൊടുത്ത നായ ആയിരുന്നു. നിങ്ങളുടെ ഫാക്ടറികൊണ്ട് ഒട്ടേറെപ്പേർ ജീവിച്ചിരുന്നു. ഇന്ന് അവരെല്ലാം പട്ടിണിയായി.

അധ്വാനമാണ് ആരാധന, കർമമണ്ഡലമാണ് ദേവാലയം, അനുദിന ഭാഷണമാണ് പ്രാർഥന. ആയിരിക്കുന്ന സ്ഥലത്ത് ഈശ്വരനെ കണ്ടെത്തുന്നതാണ് മറ്റെവിടെങ്കിലുമുള്ള ഈശ്വരനെ തേടുന്നതിലും എളുപ്പം. ദിനചര്യ



കളിലൊന്നും ദൈവത്തെ കണ്ടെത്താത്തയാൾ ദൈവത്തെ കണ്ടെത്താനുള്ള പ്രത്യേക വഴി തേടി സഞ്ചരിക്കുന്നതിൽ എന്തർഥം?

പാർപ്പിടങ്ങളും തൊഴിലിടങ്ങളുമാണ് ഏറ്റവും ചൈതന്യമുള്ള തീർഥാടന കേന്ദ്രങ്ങൾ എന്ന തിരിച്ചറിവിൽ നിന്നാണ് സ്ഥിരവാസകേന്ദ്രങ്ങൾ പുണ്യസ്ഥലങ്ങളായി മാറുന്നത്.

എല്ലാം ഉപേക്ഷിച്ച് ഈശ്വരനെ കണ്ടെത്തണം എന്നതു തെറ്റിദ്ധരിക്കപ്പെട്ട ആശയമാണ്. ഉപേക്ഷിക്കേണ്ടതു സമ്പാദ്യവും ജോലിയും വസതിയുമല്ല; ദുഷ്ചിന്തകളും ദുശ്ശീലങ്ങളുമാണ്. അമിതാഗ്രഹങ്ങളോടും അസൂയയോടുമാണു വിടപറയേണ്ടത്. പ്രതിരോധിക്കേണ്ടതു പ്രലോഭനങ്ങളെയും പരീക്ഷണങ്ങളെയുമാണ്. എല്ലാ ക്രയവിക്രയ കേന്ദ്രങ്ങളിലും ഈശ്വരവിചാരം ഉണ്ടായിരുന്നെങ്കിൽ അവിടൊന്നും അധാർമിക കർമങ്ങളോ സദാചാരവിരുദ്ധ പ്രവർത്തനങ്ങളോ ഉടലെടുക്കുമായിരുന്നില്ല.

# ആരാണ് യഥാർഥ വിജയി?




യുവാവ് എന്നും ആശ്രമം വൃത്തിയാക്കാനെത്തുമായിരുന്നു. ഒരുദിവസം സന്യാസി ചോദിച്ചു: താങ്കളെന്തിനാണ് കൂലിയില്ലാതെ വേല ചെയ്യുന്നത്. അയാൾ പറഞ്ഞു: അങ്ങ് എന്നെ അനുഗ്രഹിച്ചാൽ എനിക്കു ധാരാളം സമ്പത്ത് വന്നുചേരും. സന്യാസിയുടെ അനുഗ്രഹത്താൽ സമ്പന്നനായ അയാൾ ആശ്രമത്തിലേക്കു വരാതായി. വർഷങ്ങൾക്കു ശേഷം അവിടെത്തിയ അയാളോടു സന്യാസി ചോദിച്ചു: എന്താണിപ്പോൾ വന്നത്? അയാൾ പറഞ്ഞു: സമ്പത്തുണ്ടെങ്കിലും എനിക്കു മനസ്സമാധാനമില്ല. നിങ്ങൾ ചോദിച്ചതേ എനിക്കു നൽകാൻ കഴിയൂ എന്നറിയിച്ച സന്യാസിയോട് അയാൾ പറഞ്ഞു: ഞാൻ എത്രനാൾ വേണമെങ്കിലും ഇവിടെ ജോലി ചെയ്യാം. എനിക്കു മറ്റൊന്നും വേണ്ട, സമാധാനം മതി.

സ്വത്ത്, സമ്പാദ്യം, സ്ഥിരനിക്ഷേപം തുടങ്ങിയവ മാത്രമായി അനുഗ്രഹങ്ങളുടെ ചുരുക്കപ്പട്ടിക പുറത്തിറങ്ങുന്നതുകൊണ്ട് പലരും തങ്ങൾക്കുള്ള യഥാർഥ അനുഗ്രഹങ്ങൾ തിരിച്ചറിയാൻ കഴിയാതെ പോകുന്നുണ്ട്. ഉള്ളതു മാത്രമല്ല; ഇല്ലാത്തതും നേട്ടങ്ങളാണ്. മാരകരോഗങ്ങളൊന്നും ഇല്ലാത്തത് അനുഗ്രഹമാണ്. ദുരന്തങ്ങളില്ലാത്തതും മറ്റുള്ളവരുടെ മുന്നിൽ കൈ നീട്ടേണ്ടാത്തതും ജീവിതവിജയം തന്നെയാണ്. വിശപ്പറിയാതെ ജീവിക്കാൻ കഴിയുന്നതും കയറിക്കിടക്കാൻ ഒരിടമുള്ളതും നന്മയാണ്. അനുഗ്രഹാപേക്ഷകളിൽ എപ്പോഴും താരതമ്യം ഒളിഞ്ഞുകിടപ്പുണ്ടാകും. ചുറ്റുപാടുമുള്ളവരുടെ സമ്പത്തും ആരോഗ്യവും തൊഴിലുമായി അവയ്ക്കു ബന്ധമുണ്ടാകും. അവർക്കൊപ്പമെങ്കിലുമെത്താനുള്ള തൃഷ്ണയാണ് പല പ്രാർഥനകളുടെയും ചേതോവികാരം. അനുഗ്രഹങ്ങൾ തേടിയുള്ള പ്രയാണത്തിനിടെ രണ്ടു പ്രശ്നങ്ങൾ സംഭവിക്കുന്നുണ്ട്. ഒന്ന്, ഇല്ലാത്തവ കൂട്ടിച്ചേർക്കാനുള്ള ഉദ്യമത്തിനിടെ ഉള്ളവ ഉപയോഗരഹിതമാകുന്നു. രണ്ട്, അനുഗ്രഹങ്ങളെല്ലാം ആഡംബരവുമായി ബന്ധപ്പെട്ടു കിടക്കുമ്പോൾ അടിസ്ഥാനാവശ്യം മറക്കുന്നു. സമ്പത്തുള്ളവൻ മാത്രം ജീവിതവിജയിയായി പ്രഖ്യാപിക്കപ്പെടുന്ന ദുരാചാരം നിലനിൽക്കുന്നിടത്തോളം കാലം പ്രധാന പരിഗണന പണത്തിനു മാത്രമേ കിട്ടൂ.

പ്രാഥമികാവശ്യങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തേണ്ട ഗൗരവമായ കാര്യങ്ങളിലൊന്നു മനസ്സമാധാനമാണ്. അറിവും തൊഴിലും പണവും സമ്പാദിക്കുന്നതിനു വേണ്ടതിനെക്കാൾ കൃത്യതയാർന്ന പരിശീലനം സന്തോഷമാർജിക്കുന്ന കാര്യത്തിൽ നൽകണം. ഇല്ലെങ്കിൽ നേടിയതെല്ലാം ആർക്കും ഉപകരിക്കാതെ നഷ്ടപ്പെടും.

# തല കുനിക്കാം, വിനീതരാകാം



രാജാവ് പരിവാരങ്ങളുമായി സഞ്ചരിക്കുന്നതിനിടെ വഴിയിൽ സന്യാസിയെ കണ്ടു. കുതിരപ്പുറത്തുനിന്നിറങ്ങി സന്യാസിയുടെ കാൽക്കൽ ശിരസ്സ് നമിച്ചു കിടന്നു. കൊട്ടാരത്തിലെത്തിയപ്പോൾ മന്ത്രി രാജാവിനോടു ചോദിച്ചു: അങ്ങെന്തിനാണ് യാചകനെപ്പോലെ തോന്നിപ്പിച്ച ആ സന്യാസിയുടെ മുന്നിൽ ശിരസ്സ് കുനിച്ചത്. രാജാവ് ഒരു സഞ്ചി മന്ത്രിയുടെ കയ്യിൽ കൊടുത്തിട്ടു പറഞ്ഞു: ഇതിൽ നാലു വസ്തുക്കളുണ്ട്. ഇവ ചന്തയിൽ കൊണ്ടുപോയി വിൽക്കണം. ചന്തയിലെത്തിയ മന്ത്രി സഞ്ചി തുറന്നപ്പോൾ അദ്ഭുതപ്പെട്ടു.

അതിനുള്ളിൽ കോഴിയുടെയും മീനിന്റെയും ആടിന്റെയും മനുഷ്യന്റെയും തലകൾ. മൂന്നു തലകളും ആളുകൾ വാങ്ങി. സൗജന്യമായി നൽകാമെന്നു പറഞ്ഞിട്ടും മനുഷ്യന്റെ തല ആരും വാങ്ങിയില്ല. തിരിച്ചെത്തി കാര്യങ്ങൾ വിശദീകരിച്ച മന്ത്രിയോടു രാജാവ് പറഞ്ഞു: ആർക്കും വേണ്ടാത്ത തല സന്യാസിയുടെ മുന്നിൽ കുനിയുന്നതിൽ എന്താണു തെറ്റ്. എന്നെ അദ്ദേഹം അനുഗ്രഹിച്ചിട്ടുണ്ടാകും.

ശിരസ്സ് കുനിക്കേണ്ട ചില സമയങ്ങളുണ്ട്. അതു ചിലപ്പോൾ കിരീടധാരണത്തിനാകാം, ജീവൻ രക്ഷപ്പെടുത്താനാകാം. നിവർന്നു നിന്നു മാത്രം ആർക്കും ആയുസ്സ് ഫലപ്രദമായി പൂർത്തീകരിക്കാനാകില്ല. നിലവറകളുടെ വാതിലുകൾക്ക് ഉയരം കുറവായിരിക്കും. നിധിയെടുക്കാൻ തലകുനിച്ചേ മതിയാകൂ. സ്ഥാനംകൊണ്ടും പ്രായംകൊണ്ടും മുതിർന്നവർ മുന്നിലെത്തും. ആദരിക്കാൻ ശിരസ്സ് നമിക്കണം. അപമാനിതരാകുമ്പോഴാണ് തല കുനിയുന്നതെന്നും തല കുനിക്കുന്നത് അപമാനമാണെന്നുമുള്ള തെറ്റിദ്ധാരണ മാറുമ്പോഴാണ് വിനീതഹൃദയം സ്വന്തമാകുന്നത്.

കൊടുങ്കാറ്റിൽ പിടിച്ചുനിൽക്കുന്നത് നേരെനിന്നു മത്സരിച്ച വൻമരങ്ങളല്ല, താഴ്ന്നുകൊടുത്ത പുൽക്കൊടികളാണ്. വേരോടെ പിഴുതെറിയപ്പെടുമെന്നു തിരിച്ചറിയുന്ന നിമിഷത്തിലെങ്കിലും സ്വയം ചാഞ്ഞുകൊടുത്താൽ ജീവനും ജീവിതവും തിരിച്ചുകിട്ടും.

സ്വന്തം തലച്ചോറിന്റെ മികവുകൊണ്ടുമാത്രം വിജയശ്രീലാളിതരാകുന്ന ആരുമുണ്ടാകില്ല. ഒറ്റയ്ക്കു യുദ്ധം ജയിക്കുന്നവരും ഉണ്ടാകില്ല. പിന്നെന്തിനുവേണ്ടിയാണ് ഒരിക്കലും തലകുനിയരുതെന്നുള്ള ദുർവാശി. എത്ര പത്തി വിടർത്തി ആടിയാലും ഒരിക്കൽ തലതാഴ്ത്തി കിടക്കേണ്ടിവരും. അതിനുമുൻപു ശിരസ്സാവഹിച്ച കർമങ്ങളുടെ പേരിലായിരിക്കും ഒരാളുടെ ഓർമക്കുറിപ്പുകൾ രൂപപ്പെടുക.

# സ്വപ്നങ്ങളിലേക്ക് യാത്ര തുടങ്ങാം

ബാലന് ഒരാഗ്രഹം; രാജാവിനോടു സംസാരിക്കണം. അമ്മയുടെ സഹായം തേടിയെങ്കിലും അവരൊന്നും പറഞ്ഞില്ല. മറ്റു പലരോടും അവൻ ചോദ്യം ആവർത്തിച്ചെങ്കിലും അവർക്കും മറുപടിയുണ്ടായില്ല. വഴിവക്കിൽ കണ്ട യാചകൻ അവനോടു പറഞ്ഞു. ഇപ്പോൾ കൊട്ടാരം പണി നടക്കുന്ന സമയമാണ്. നീയും അവിടെ ജോലി ചെയ്യുക. പക്ഷേ, കൂലി വാങ്ങരുത്.



അവൻ അങ്ങനെ ചെയ്തു. ഒരു ദിവസം പണിസ്ഥലത്തെത്തിയ രാജാവ് ചുറുചുറുക്കോടെ ജോലി ചെയ്യുന്ന അവനെക്കുറിച്ച് അന്വേഷിച്ചു. വേതനം പറ്റാതെയാണ് അവൻ ജോലി ചെയ്യുന്നതെന്നറിഞ്ഞപ്പോൾ രാജാവ് അവനെ അടുത്തു വിളിച്ച് കാര്യമന്വേഷിച്ചു. അവൻ പറഞ്ഞു: അങ്ങയോടു സംസാരിക്കുക എന്നതു മാത്രമായിരുന്നു എന്റെ അഭിലാഷം; അതു സാധിച്ചു.

ലക്ഷ്യം തീരുമാനിക്കപ്പെട്ടാൽ ഒരുകാര്യം ഉറപ്പുവരുത്തണം; പിന്നീടുവയ്ക്കുന്ന ഓരോ ചുവടും ആ ലക്ഷ്യത്തിലേക്കുള്ളതാണെന്ന്. സ്വപ്നങ്ങൾ ഇല്ലാത്തതുകൊണ്ടല്ല; ആ സ്വപ്നങ്ങളിലേക്ക് എങ്ങനെ സഞ്ചരിക്കണമെന്ന് അറിയാത്തതുകൊണ്ടാണ് പല യാത്രകളും തുടങ്ങുകപോലും ചെയ്യാത്തത്. അഭിലാഷങ്ങളിലേക്കുള്ള യാത്രയിൽ ചില കാര്യങ്ങൾ ഉറപ്പുവരുത്തണം. കർമങ്ങൾ ദിശാബോധത്തോടെയാകണം, പ്രാപ്തിയുള്ള മാർഗദർശകർ ഉണ്ടായിരിക്കണം, ലക്ഷ്യത്തിലെത്തുംവരെ വിശ്രമിക്കരുത്.

ഇതുവരെ സഞ്ചരിക്കാത്ത വഴികളിലൂടെ പോകുന്നവർക്കു മാത്രമേ ഇതുവരെ എത്തിച്ചേരാത്ത സ്ഥലങ്ങളിൽ എത്താൻ കഴിയൂ. വാസസ്ഥാനത്തുനിന്നു ലക്ഷ്യസ്ഥാനത്തേക്കുള്ള യാത്ര വിനോദസഞ്ചാരമല്ല; നിയോഗപൂർത്തീകരണമാണ്. അവിടെ വിശ്രമകേന്ദ്രങ്ങൾ ഉണ്ടാകണമെന്നു നിർബന്ധമില്ല, വഴിപോക്കരോ സഹയാത്രികരോ കാണില്ല; എങ്കിലും യാത്ര തുടരണം. നിർത്തിയാലോ എന്ന പ്രലോഭനമുണ്ടാകുമ്പോൾ എന്തിനുവേണ്ടി ഇറങ്ങിത്തിരിച്ചു എന്നാലോചിച്ചു സ്വയം പ്രചോദിപ്പിക്കണം.

ഒരു കാര്യം നേടാനാഗ്രഹിക്കുമ്പോൾ അതിനുവേണ്ടി എന്തൊക്കെ ചെയ്യുന്നു എന്നതു മാത്രമല്ല; എന്തെല്ലാം ചെയ്യാതിരിക്കുന്നു എന്നതും പ്രസക്തമാണ്.

# വേരുള്ള വ്യക്തിത്വം

ഗുരുവിനോട് രാജാവ് തന്റെ ആഗ്രഹം ഉണർത്തിച്ചു: എനിക്കു ദൈവത്തെ കാണണം. ഗുരു പറഞ്ഞു: ഉറപ്പായിട്ടും കാണിക്കാം. അങ്ങയെ സ്വയം പരിചയപ്പെടുത്തുന്ന ഒരു കുറിപ്പ് തരിക. അതു ദൈവത്തെ കാണിച്ച് അനുവാദം വാങ്ങണം. രാജാവ് തന്റെ പേരും വയസ്സും മേൽവിലാസവും സ്ഥാനവുമെഴുതി നൽകിയപ്പോൾ ഗുരു പറഞ്ഞു: ഇതു മുഴുവൻ തെറ്റാണ്. അങ്ങയുടെ പേരു മാറിയാൽ അങ്ങിൽ മാറ്റം വരുമോ?. രാജാവ് പറഞ്ഞു: ഒരു പേരിലെന്തിരിക്കുന്നു. പേരു മാറിയാലും ഞാൻ ഞാൻ തന്നെയായിരിക്കും. ഗുരു പറഞ്ഞു: എനിക്ക് ഒരു മാറ്റവുമുണ്ടാകില്ല. നിങ്ങൾക്കു വയസ്സ് നാൽപതാണ്. 50 വയസ്സായാൽ നിങ്ങൾ വേറൊരാളാകുമോ എന്ന ചോദ്യത്തിനും രാജാവ് 'ഇല്ല' എന്ന മറുപടി നൽകി. ഗുരു പറഞ്ഞു: താങ്കളുടെ പേരോ വയസ്സോ സ്ഥാനമോ അല്ല താങ്കൾ. ആദ്യം സ്വയം ആരാണെന്നു കണ്ടുപിടിക്ക്. എന്നിട്ട് ദൈവത്തെ അന്വേഷിച്ചിറങ്ങ്.

മനുഷ്യന്റെ ഏറ്റവും വലിയ പോരായ്മ സ്വയം അറിയാനുള്ള ആഗ്രഹമില്ലായ്മയും അപരാന്വേഷണത്തിനുള്ള അമിതാവേശവുമാണ്. മറ്റാരോ നൽകിയ പേരും പ്രത്യേകിച്ച് ഉത്തരവാദിത്വമൊന്നുമില്ലാതെ ആർജിച്ചെടുത്ത വയസ്സും ഇടയ്ക്കിടെ മാറുന്ന വിലാസവും സാഹചര്യങ്ങളുടെകൂടി സ്വാധീനംകൊണ്ടു ലഭിച്ച സ്ഥാനമാനങ്ങളും ഒത്തുചേരുന്നതാണ് സ്വന്തം അസ്തിത്വം എന്നു തെറ്റിദ്ധരിച്ച് സ്വന്തം വില തിരിച്ചറിയാതെ വിടപറയുന്നവരാണ് ഭൂരിഭാഗവും. പേരിനും തൊഴിലിനുമപ്പുറമുള്ള വ്യക്തിത്വമാണ് ഓരോരുത്തരെയും അവനവനാക്കുന്നത്.

രണ്ടു ചിന്തകൾ നല്ലതാണ്. വിളിക്കാനൊരു പേരില്ലെങ്കിൽ പിന്നെ എന്തിന്റെ പേരിൽ ഞാനറിയപ്പെടും? കർമങ്ങൾ വിലയിരുത്തി സഹജീവികൾ ഒരു പേരിട്ടാൽ അതെന്തായിരിക്കും?



ഒരാൾ ആരാണ് എന്ന ചോദ്യത്തിന് അയാളുടെ പ്രകൃതവും പ്രവൃത്തിയുമായി ബന്ധമുണ്ട്. കാമ്പുള്ള വാക്കുകളും കർമങ്ങളും ഇല്ലാത്തവരെയാണ് ശരീരപ്രകൃതികൊണ്ടു വർണിക്കേണ്ടി വരുന്നത്. ബയോഡേറ്റയ്ക്കപ്പുറത്തേക്കു ജീവിക്കാൻ കഴിയുന്നവർക്ക് മാത്രമാണ് തങ്ങളുടേതായ വ്യക്തിമുദ്ര പതിപ്പിക്കാനാകുക.

മാറ്റമുണ്ടാകുന്ന കാര്യങ്ങളും മാറ്റമുണ്ടാകരുതാത്ത കാര്യങ്ങളും ഉൾപ്പെടുന്നതാണ് ജീവിതം. ഉണ്ടാകുന്ന മാറ്റങ്ങൾ ക്രിയാത്മകവും വളർച്ചോന്മുഖവുമാകണം. പ്രായത്തിനനുസരിച്ച് രൂപത്തിനും ഭാവത്തിനും മാറ്റം വരാം. പക്ഷേ മൂല്യശേഖരത്തിനു മാറ്റം വരരുത്.

# അനുഭവത്തിന്റെ കരുത്ത്

വഴിയിൽ കുഴികളുണ്ടാക്കി അതിനുമുകളിൽ കമ്പുകളും ഇലകളും ഇട്ടുമൂടി ആളുകളെ വീഴ്ത്തി പണം കവരുക എന്നതായിരുന്നു കൊള്ളക്കാരുടെ രീതി. പ്രശ്നം രൂക്ഷമായപ്പോൾ രാജാവ് മൂന്നു പടയാളികളെ വിളിച്ച് കൊള്ളക്കാരുടെ താവളം കണ്ടെത്തി നശിപ്പിക്കാൻ ഉത്തരവിട്ടു. ഏറ്റവും മികച്ച മൂന്നു കുതിരകളെ എടുക്കാൻ അനുവാദവും നൽകി. ആദ്യരണ്ടുപേരും നല്ല കുതിരകളെ എടുത്തപ്പോൾ മൂന്നാമൻ പറഞ്ഞു: എനിക്കു ഞാൻ സ്ഥിരം ഉപയോഗിക്കുന്ന കുതിര മതി. ആ കുതിരയുടെ മുടന്ത് ചൂണ്ടിക്കാണിച്ച് അവർ അയാളെ കളിയാക്കി.




ദിവസങ്ങൾ കഴിഞ്ഞ് ഒന്നാമനും രണ്ടാമനും ദേഹം മുഴുവൻ പരുക്കുമായെത്തി. ഞങ്ങൾ അവരുടെ വാരിക്കുഴികളിൽ വീണു. താവളം കണ്ടെത്താനായില്ല. തൊട്ടുപിറകെ മൂന്നാമനെത്തി പറഞ്ഞു: ഞാൻ താവളം കണ്ടെത്തി അവരെ കീഴ്പ്പെടുത്തി. ഈ മുടന്തനായ കുതിരയാണു സഹായിച്ചത്. മുൻപൊരു കുഴിയിൽ വീണതുകൊണ്ടാണ് ഈ പരുക്കുണ്ടായത്. അതിൽപിന്നെ ഇവൻ ശ്രദ്ധയോടെയാണു നടക്കുക. ചതിക്കുഴികൾ ഇവനു തിരിച്ചറിയാം.

അനുഭവങ്ങളുടെ ആഴമാണ് നേട്ടങ്ങളുടെ ഉയരം. മഴ നനയാതെയും വെയിൽ കൊള്ളാതെയും വളരുന്നവയ്ക്കു പ്രതിരോധശേഷിയുണ്ടാകില്ല. അബദ്ധങ്ങൾ പറ്റാത്തവർക്കും തെറ്റുകളിൽ വീഴാത്തവർക്കും സ്വയംസുരക്ഷാ സംവിധാനങ്ങൾ ഒരുക്കാനാകില്ല. ഒരിക്കലും തോൽക്കാത്തവരും ഇടറാത്തവരുമാണ് ഏറ്റവും മികച്ചവർ എന്ന ധാരണ തിരുത്തപ്പെടണം. ഒരു തവണപോലും വീണിട്ടില്ല എന്നതിനർഥം ഒരിക്കൽപോലും സാഹസികതയെ അഭിമുഖീകരിച്ചിട്ടില്ല എന്നുതന്നെയാണ്. അപായമോ ആകസ്മികതയോ ഉണ്ടെന്നറിഞ്ഞാൽ അപ്പോൾത്തന്നെ അത്തരക്കാർ ഓടിയൊളിക്കും.

ഒരാൾ ആരുടെയും ചതിയിൽ പെടാത്തതിനുകാരണം ആരും അയാളെ സ്നേഹിക്കാത്തതും അയാൾ ആരെയും സ്നേഹിക്കാത്തതുമാകാം. ആത്മബന്ധം പുലർത്തിയിട്ടുള്ളവരെല്ലാം എന്നെങ്കിലുമൊരിക്കൽ വഞ്ചിക്കപ്പെടുകയും അതിൽനിന്നു പാഠമുൾക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പുതിയ അനുഭവമുണ്ടാകണമെങ്കിൽ പുതിയ കാര്യങ്ങൾ ചെയ്യണം. പുതിയ കാര്യങ്ങൾ ചെയ്താൽ അപ്രതീക്ഷിതമായ വീഴ്ചകളുണ്ടാകും. ആ മുറിപ്പാടുകൾ പുതിയ കുതിപ്പിനുള്ള മുൻകരുതലുകളാകും.

# സ്വയം കടിഞ്ഞാണിടാം



രാജാവിനു മാരകമായ രോഗം പിടിപെട്ടു. പ്രശസ്തനായ വൈദ്യൻ ദൂരെനിന്നെത്തി. വിശദപരിശോധനയ്ക്കുശേഷം അദ്ദേഹം പറഞ്ഞു: ഈ രോഗത്തിനു മരുന്നില്ല. പക്ഷേ, ഒരു കാര്യം ചെയ്താൽ താങ്കൾ രക്ഷപ്പെടും. ഇനി മുതൽ പച്ചനിറം മാത്രമേ കാണാവൂ. ഉടൻ രാജകൽപനയിറങ്ങി. രാജ്യത്തു പച്ചനിറമല്ലാതെ മറ്റൊന്നും കാണരുത്. കൊട്ടാരം മുഴുവൻ പച്ചനിറം, എല്ലാവർക്കും പച്ചനിറമുള്ള വസ്ത്രങ്ങൾ, മൃഗങ്ങൾക്കു പച്ച പെയിന്റ്. ഒരു വർഷം കഴിഞ്ഞപ്പോൾ രാജാവിന്റെ അസുഖം ഭേദമായി. വൈദ്യനെ വിളിച്ചുവരുത്തി സമ്മാനങ്ങളും നൽകി. എല്ലാം സ്വീകരിച്ചശേഷം വൈദ്യൻ പറഞ്ഞു: താങ്കളെപ്പോലൊരു വിഡ്ഢിയായ രാജാവിനെ ഞാൻ കണ്ടിട്ടില്ല. അദ്ഭുതത്തോടെ നിന്ന രാജാവിനെ നോക്കി അയാൾ തുടർന്നു: ഒരു പച്ച കണ്ണട വച്ചാൽ തീരുന്ന കാര്യത്തിനാണ് താങ്കൾ ഈ നാടു മുഴുവൻ പച്ചയാക്കിയത്.

ആത്മനിയന്ത്രണത്തെക്കാൾ എളുപ്പം അപരനിയന്ത്രണമാണ്. ആത്മനിയന്ത്രണത്തിൽ ഉള്ളുരുകും, സുഖാനുഭവങ്ങളുടെ ചെതുമ്പലുകൾ അടർന്നുവീഴും, അനിഷ്ടങ്ങളുടെ തീച്ചൂളയിൽ സ്വയം പാകപ്പെടണം. അപരനിയന്ത്രണത്തിൽ അധരവ്യായാമം മതി, കൽപനകളിലൂടെയും വിദഗ്ധോപദേശങ്ങളിലൂടെയും മറ്റുള്ളവരുടെ കടിഞ്ഞാൺ കൈക്കലാക്കിയാൽ മതി.

താൻ സമ്പൂർണ ശരിയാണെന്നും ചുറ്റുമുള്ളവരെല്ലാം ദിനംപ്രതി തിരുത്തലിനു വിധേയപ്പെടേണ്ടവരാണെന്നുമുള്ള അബദ്ധധാരണയുള്ളവർ അഹംബോധത്തിന്റെ ആൾരൂപങ്ങളാണ്. അത്തരക്കാർ അധികാരത്തിലേറിയാൽ ആ ജനതയുടെ ആത്മാഭിമാനം പോലും നഷ്ടമാകും. താൻ മാറുന്നതാണ് എളുപ്പം എന്നു വിശ്വസിക്കുന്ന ആളുകളുള്ള സമൂഹത്തിന് അതിവേഗമുള്ള രൂപാന്തരശേഷിയുണ്ടാകും. അന്യനാണു മാറേണ്ടതെന്ന ദുർവാശി പുലർത്തുന്ന സമൂഹത്തിൽ ആരും ആരെയും വളരാനനുവദിക്കില്ല. തനിക്കുവേണ്ടി മറ്റെല്ലാവരും മാറണമെന്ന ചിന്ത ഒരു മാറ്റവും ഉണ്ടാക്കില്ല. മറ്റെല്ലാവർക്കും വേണ്ടി താനൊരാൾ മാറിയാൽ മതി എന്ന തിരിച്ചറിവ് സാമൂഹിക വിപ്ലവം പോലും സൃഷ്ടിക്കും.

# വീഴാൻ ഒരു നിമിഷം മതി

തന്റെ ഗ്രാമവാസികളെല്ലാം സൽസ്വഭാവികളായി ജീവിക്കണമെന്ന ആഗ്രഹമുള്ള ഗുരു പ്രബോധനങ്ങളിലൂടെ മാത്രമല്ല, പ്രവൃത്തികളിലൂടെയും ആളുകളെ പ്രചോദിപ്പിച്ചു. ഒരു ദിവസം അദ്ദേഹം കുറെപ്പേരെ കൂലിക്കുവിളിച്ച് കൂറ്റൻ പാറക്കല്ല് മലയുടെ മുകളിൽ ഉരുട്ടിക്കയറ്റിച്ചു. പിന്നീടത് താഴേക്ക് ഉരുട്ടിവിട്ടു. വീണ്ടും കൂലി കൊടുത്ത് അദ്ദേഹം കല്ല് മുകളിലെത്തിച്ചു. ഉടൻ അതു താഴേക്കു തള്ളിവിട്ടു. ഗുരുവിനു ഭ്രാന്തായെന്നു വിളിച്ചുകൂവിയ ജനക്കൂട്ടത്തോടു ഗുരു പറഞ്ഞു: സദ്‌വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും വളരെയധികം കഷ്ടപ്പെട്ടു പടിപടിയായി മാത്രമേ ഉന്നതനിലയിൽ എത്തിച്ചേരൂ. പക്ഷേ, എത്തിച്ചേർന്ന ഉയരത്തിൽനിന്നു താഴേക്കു പതിക്കാൻ ഒരു ചെറിയ തെറ്റു മതി.



ഒരായുസ്സുകൊണ്ട് നിർമിച്ചെടുത്ത അന്തസ്സും ആദരവും അപ്രത്യക്ഷമാകാൻ ഒരു നിമിഷത്തെ അശ്രദ്ധയോ അവിവേകമോ മതി. തട്ടിയകറ്റിയ എല്ലാ പന്തുകളെയും മറന്ന്, വലയിലായ ഒരു പന്തിന്റെ പേരിൽ ഗോളി വിമർശിക്കപ്പെടുന്നതുപോലെ, അകപ്പെട്ടുപോയ ഒരബദ്ധത്തിന്റെ പേരിൽ ആയുഷ്കാലം മുഴുവൻ അപമാനിക്കപ്പെടും. നിർമാണപ്രക്രിയകളെല്ലാം ദൈർഘ്യമേറിയതും നശീകരണ പ്രക്രിയകളെല്ലാം നൈമിഷികവുമാണ്. ഒരു നിലവാരത്തിൽ എത്തിച്ചേരുന്നതിനെക്കാൾ ബുദ്ധിമുട്ടാണ് അതേ നിലവാരത്തിൽ തുടരുന്നത്. എത്തിച്ചേർന്ന അതേ ഔന്നത്യത്തിലും ശ്രേഷ്ഠതയിലും തുടരുകയെന്നത് സഞ്ചരിച്ച വഴികളോടും സഹയാത്രികരുടെ കഠിനചുവടുകളോടുമുള്ള ബഹുമാനമാണ്. ഒന്നാമതെത്താൻ ഒരു നിമിഷത്തേക്കു മറ്റുള്ളവരെ പിന്നിലാക്കിയാൽ മതി. ഒന്നാമതു തുടരാൻ ഒരു നിമിഷനേരത്തെ നിസ്സംഗതപോലും തടസ്സമാകും.

സ്വന്തം പരിശ്രമംകൊണ്ട് മുകളിലെത്തിയ ആരും ആ സ്ഥാനത്തെ നിസ്സാരമായി കാണില്ല. സഞ്ചരിച്ച വഴികൾ ഉയരങ്ങളിലെ പെരുമാറ്റരീതികളിലേക്ക് അവരുടെ ശരീരത്തെയും മനസ്സിനെയും പാകപ്പെടുത്തും. മറ്റുള്ളവരുടെ ഇടപെടലുകൾകൊണ്ടോ ഭാഗ്യംകൊണ്ടോ എവിടെങ്കിലും എത്തിച്ചേരുന്നവർക്ക് ആ ഇടത്തോടോ അവിടുത്തെ പരിസ്ഥിതിയോടോ ഇഴുകിച്ചേരാനാകില്ല. ഒന്നുകിൽ പരിഭ്രമിച്ചു താഴെവീഴും; അല്ലെങ്കിൽ അലഞ്ഞുതിരിയും. അതുമല്ലെങ്കിൽ അഹംഭാവത്തിന്റെ ആൾരൂപമാകും. വിയർപ്പൊഴുക്കിയെങ്കിൽ മാത്രമേ വീര്യമുണ്ടാകൂ. സ്വയമൊഴുക്കുന്ന വിയർപ്പിലൂടെയുള്ള നേട്ടത്തിനും അന്യനൊഴുക്കുന്ന വിയർപ്പിലൂടെയുള്ള നേട്ടത്തിനും രുചിയിലും ഗന്ധത്തിലും വ്യത്യാസമുണ്ട്.

# തളയ്ക്കപ്പെട്ടവർ, നമ്മൾ

സന്യാസി നടക്കുന്നതിനിടെ കുതിരക്കുളമ്പടി കേട്ടു. തിരിഞ്ഞുനോക്കിയപ്പോൾ യുവാവ് കുതിരപ്പുറത്തു വരുന്നതു കണ്ടു. അടുത്തെത്തിയപ്പോൾ സന്യാസി ചോദിച്ചു: താങ്കൾ എങ്ങോട്ടാണു വേഗത്തിൽ പോകുന്നത്? യുവാവ് പറഞ്ഞു: അതെനിക്കറിയില്ല. കുതിരയോടു ചോദിക്കണം.. ഇതുംപറഞ്ഞ് അയാൾ യാത്ര തുടർന്നു.



ആരുടെയൊക്കെയോ നിയന്ത്രണത്തിലാണ് എല്ലാവരും. ബോധമനസ്സിൽ എത്രമാത്രം സ്വാതന്ത്ര്യം പ്രഖ്യാപിച്ചാലും ഉപബോധമനസ്സ് പലയിടങ്ങളിലായി തളയ്ക്കപ്പെടുന്നുണ്ട്. പഴയ കാലത്തിന്റെ ചിറകിലേറി പറക്കുന്ന അനേകരുണ്ട്. നാലാൾ കാൺകെ അന്തരീക്ഷത്തിൽ ചിറകടിച്ചു നിൽക്കുന്നുണ്ടെങ്കിലും, ഏറ്റവും ഉയരത്തിൽ പറക്കുന്നതിനുള്ള ബഹുമതി സ്വന്തമാക്കുന്നുണ്ടെങ്കിലും, ഒരു ഹൃദയസംഭാഷണം തുടങ്ങിയാലറിയാം വിട്ടകന്ന കൂടുകളിലേക്കു മടങ്ങിപ്പോകാനുള്ള മോഹം. ചെയ്യണമെന്ന് ആഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളും ആരെങ്കിലും ചെയ്യുന്നുണ്ടോ? ചെയ്യരുതെന്നു കരുതുന്നവയെല്ലാം ചെയ്യാതിരിക്കുന്നുണ്ടോ? കുടുംബാംഗങ്ങളുടെകൂടി ഇഷ്ടത്തിനനുസരിച്ചല്ലേ ഓരോരുത്തരും തങ്ങളുടെ പ്രിയങ്ങളെയും മുൻഗണനകളെയും തീരുമാനിക്കുന്നത്.

വിദ്യ കൈവശമാക്കിയിട്ടും ഉദ്യോഗത്തിനിറങ്ങാൻ കഴിയാതെ എത്രയാളുകൾ വീടുകൾക്കുള്ളിൽത്തന്നെയുണ്ടാകും. എത്തിച്ചേരണമെന്ന് ആഗ്രഹിച്ച സ്ഥലങ്ങളുടെ വിപരീതദിശയിൽ അന്തിയുറങ്ങുന്നവരില്ലേ? ഭൂരിപക്ഷത്തിന്റെ പിന്തുണയില്ലാത്തതിനാൽ വിട്ടുവീഴ്ച ചെയ്യേണ്ടിവന്ന തീരുമാനങ്ങളില്ലേ? ആർക്കാണ് സ്വയം നിയന്ത്രണത്തിന്റെ സമ്പൂർണാവകാശം തീറെഴുതി ലഭിച്ചിരിക്കുന്നത്?

യാത്രകൾ കാര്യക്ഷമമാണോ എന്നറിയാൻ രണ്ടു മാർഗങ്ങളുണ്ട്. ഒന്ന്, സ്വയം ചോദിക്കുന്ന ചോദ്യങ്ങൾ. ഇഷ്ടത്തോടെയാണോ യാത്ര, ശരിയായ ദിശയിലാണോ സഞ്ചരിക്കുന്നത്, പിന്നിട്ട ദൂരമെത്ര, താണ്ടേണ്ട ദൂരത്തിനുള്ള തയാറെടുപ്പുകളുണ്ടോ തുടങ്ങിയ ചോദ്യങ്ങൾ സ്വന്തം താൽപര്യങ്ങളെയും മാർഗങ്ങളെയും സംരക്ഷിക്കാനുപകരിക്കും. രണ്ട്, വഴിപോക്കരുടെ ചോദ്യങ്ങൾ. യാത്രാമധ്യേ കണ്ടുമുട്ടുന്നവരോടു കുശലാന്വേഷണം നല്ലതാണ്. അവരുടെ ചില ചോദ്യങ്ങൾ അഭിപ്രായമോ മാർഗനിർദേശമോ ആകാം. എങ്ങോട്ടാ, എപ്പോൾ തിരിച്ചു, ഇനിയും ദൂരമുണ്ടല്ലോ, ക്ഷീണിച്ചെങ്കിൽ അൽപം വിശ്രമിക്കൂ തുടങ്ങിയ കരുതൽ നിറഞ്ഞ വാചകങ്ങളിൽ മുന്നറിയിപ്പുകളുമുണ്ടാകാം. എങ്ങോട്ടെന്നും എന്തിനുവേണ്ടിയെന്നും അറിയാതെ നടത്തുന്ന ചുവടുവയ്പുകൾ വഴികളെയും വ്യക്തികളെയും അവഹേളിക്കും.

# വഴികാട്ടികൾ അറിയാൻ...

ഹൃദയാഘാതമുണ്ടായ അയാളെ കഠിനപരിശ്രമത്തിലൂടെ ഡോക്ടർമാർ രക്ഷിച്ചു. മാനസികാഘാതം ഉണ്ടാക്കുന്നതൊന്നും അയാളോടു പറയരുതെന്ന വ്യവസ്ഥയുണ്ട്. അപ്പോഴാണ് ലോട്ടറിയുടെ ഒന്നാം സമ്മാനമായ രണ്ടു കോടി രൂപ അയാൾക്കു ലഭിച്ചെന്ന വാർത്തയെത്തിയത്. അയാളോട് ഈ വിവരം പറയാൻ ഭയന്ന കുടുംബാംഗങ്ങൾ മനഃശാസ്ത്രജ്ഞന്റെ സഹായം തേടി. അദ്ദേഹം രോഗിയുടെ അടുത്തെത്തി കുശലാന്വേഷണത്തിനുശേഷം പറഞ്ഞു: നിങ്ങളുടെ മനോബലം കൂട്ടാനുള്ള ചോദ്യമാണിത്. ഒരു ലക്ഷം രൂപ ലോട്ടറിയടിച്ചാൽ നിങ്ങൾ എന്തുചെയ്യും? അയാൾ പറഞ്ഞു: ഭാര്യയുടെ കയ്യിൽ കൊടുത്ത് ആശുപത്രിയിലെ ബില്ലടയ്ക്കാൻ പറയും. പത്തുലക്ഷം കിട്ടിയാലോ? ഞാൻ മകളുടെ വിവാഹം നടത്തും. രണ്ടുകോടി കിട്ടിയാലോ എന്നു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: അതൊരിക്കലും സംഭവിക്കില്ല. സംഭവിച്ചാൽ ഒരു കോടി താങ്കൾക്കു നൽകും. അതുകേട്ട മനഃശാസ്ത്രജ്ഞൻ ബോധംകെട്ടുവീണു.



ഉപദേശം വാചിക വ്യായാമം മാത്രമാണ്. സംസാരശേഷിയും പദസമ്പത്തുമുള്ള ആർക്കും ഉപദേശകരാകാം. വാക്കുകളും പ്രവൃത്തികളും തമ്മിൽ പുലബന്ധം ഉണ്ടാകണമെന്നില്ല. ഉപദേഷ്ടാക്കൾക്കുള്ള യോഗ്യതകൾ എന്തൊക്കെയാകും? അവർക്ക് അറിവോ അനുഭവമോ ഉണ്ടാകണമെന്നുണ്ടോ ?, തങ്ങൾ നിർദേശിക്കുന്ന വഴികളിലൂടെ സ്വയം നടക്കണമെന്നുണ്ടോ? സംരക്ഷകരുടെ അരക്ഷിതാവസ്ഥയെക്കാൾ പരിതാപകരമായി മറ്റൊന്നും മാർഗനിർദേശക പ്രക്രിയയിലില്ല. പരിശീലകരും വഴികാട്ടികളുമാകുന്നവർ ചില കാര്യങ്ങൾ മനസ്സിലാക്കണം. ഓരോരുത്തർക്കും സാഹചര്യങ്ങൾക്കനുസൃതമായ തനതു പ്രതികരണശൈലികളുണ്ട്. മറ്റൊരാളുടെ തന്ത്രങ്ങൾ അയാളുടെ മനഃസ്ഥിതിക്കും വ്യക്തിത്വത്തിനും ചേർന്നതാകണമെന്നില്ല. വഴികാട്ടുന്നവർക്കു വഴിയറിയില്ലെങ്കിലും അതു കണ്ടെത്താനും ആ യാത്രയിലെ സാഹസികതയെ നേരിടാനുമുള്ള ശേഷിയുണ്ടാകണം.

ആന്തരിക ഉണർവു നൽകാത്ത ബാഹ്യപ്രേരണകളൊന്നും ശാശ്വത പരിഹാരത്തിലേക്കു നയിക്കില്ല. വീഴ്ച സംഭവിച്ചവരൊന്നും അടിമുടി തകരുന്നില്ല. പരുക്കേറ്റ കാര്യങ്ങളിൽ മാത്രമാണ് അവർ ദുർബലരാകുന്നത്. ഒരു കൈ കൊടുത്താൽ കയറിപ്പോരുന്നവരുടെയടുത്ത് വെന്റിലേറ്ററുമായി എന്തിനു പോകണം?

# ആയിരിക്കുന്നതിൽ ആനന്ദിക്കാം

വെള്ളത്തിൽ നീന്തിക്കളിക്കുന്ന മീനിനോടു മരക്കൊമ്പിലിരുന്ന കുരങ്ങ് ചോദിച്ചു: നീയെന്താണ് വെള്ളത്തിനു പുറത്തേക്കു വരാത്തത്?. ഉയരത്തിലുള്ള കാഴ്ച അതിമനോഹരമാണ്. മീൻ സങ്കടത്തോടെ പറഞ്ഞു: എനിക്കു മരം കയറാനറിയില്ല. മാത്രമല്ല, വെള്ളമില്ലാതെ എനിക്കു ജീവിക്കാനുമാകില്ല. കുരങ്ങു ചോദിച്ചു: ഒരു മരത്തിൽ പോലും കയറാൻ കഴിയാതെ നീ എന്തിനു ജീവിക്കുന്നു? മീനിനു നിരാശയായി. സംഭവിച്ചതെല്ലാം മറിഞ്ഞ കടൽക്കുതിര മീനിനോടു പറഞ്ഞു: മരത്തിൽ കയറാത്ത നിന്റെ ജീവിതം നിരർഥകമെങ്കിൽ വെള്ളത്തിലിറങ്ങാത്ത അവന്റെ ജീവിതവും അങ്ങനെയാണല്ലോ. അപ്പോഴാണ് കുരങ്ങിന് ഒരിക്കലും ചെയ്യാൻ കഴിയാത്ത എന്തെല്ലാം കാര്യങ്ങൾ തനിക്കു ചെയ്യാൻ കഴിയുമെന്നു മീൻ ചിന്തിച്ചത്. അതു വീണ്ടും നീന്തിത്തുടിക്കാൻ തുടങ്ങി.



ആത്മബോധമാണ് അഭിവൃദ്ധിയുടെ ആരംഭം. താനാരാണെന്ന് അറിയാത്തവരെല്ലാം മറ്റുള്ളവരുടെ പ്രതീക്ഷകൾക്കൊപ്പമുള്ള താനാകാൻ ശ്രമിച്ചുകൊണ്ടിരിക്കും. സ്വന്തം കഴിവിലും അനന്യതയിലും ഉറച്ചുനിൽക്കാൻ എത്രപേർക്കു കഴിയാറുണ്ട് ? അതിന് എത്ര പേരെ അനുവദിക്കാറുണ്ട് ?.

വളർത്തുന്നവർ തങ്ങളുടെ സ്വപ്നങ്ങൾക്കനുസരിച്ചാണു വളർത്തുന്നത്. പരിശീലിപ്പിക്കുന്നവർ തങ്ങളാഗ്രഹിക്കുന്ന നേട്ടങ്ങളിലേക്കാണു പരിശീലിപ്പിക്കുന്നത്. ഇതെല്ലാം പരിശീലനം നേടുന്നവന്റെയും വളരുന്നവന്റെയും ആത്മാവിഷ്കാരത്തിന് എതിരെങ്കിൽ അവർക്കു ശ്വാസംമുട്ടും. എന്തൊക്കെയായില്ല, ആരൊക്കെയായിത്തീർന്നില്ല തുടങ്ങിയ വിമർശനശരങ്ങളിലാണ് പല ജീവിതങ്ങളും അസ്വസ്ഥമാകുന്നത്. വെല്ലുവിളികൾ നൽകുന്ന എല്ലാവരും പ്രചോദകരല്ല. ചിലരെങ്കിലും പരിഹസിക്കുന്നവരും പ്രലോഭകരുമാകും.

അപരൻ ചാർത്തുന്ന മികവിന്റെ മാനദണ്ഡങ്ങളുടെ പിറകെ പോകുന്ന ഒരാളും തന്റെ വ്യക്തിമുദ്ര പതിപ്പിക്കില്ല. ആൾക്കൂട്ടത്തിനൊപ്പംനിന്നു വളർന്ന് അവനവന്റെ ആവാസവ്യവസ്ഥ കണ്ടെത്തി അവിടെ വേരുകളും ശിഖരങ്ങളും പടർത്തുന്നവരാണ് ആൾക്കൂട്ടത്തിനപ്പുറത്തേക്കു വളരുന്നത്. അതിനു സമയവും പ്രയത്നവും വേണം. രണ്ടു തരത്തിലാണ് ആളുകൾ അസംതൃപ്തരാകുന്നത്. ഒന്ന്, ആയിരിക്കുന്ന അവസ്ഥ മോശമാണെന്നു വിശ്വസിക്കുന്നതിലൂടെ. രണ്ട്, മറ്റൊരവസ്ഥയിൽ മികച്ചതെല്ലാമുണ്ട് എന്ന തെറ്റിദ്ധാരണയിലൂടെ. നിഷ്പക്ഷ വിലയിരുത്തൽ നടത്തി എടുക്കുന്ന തീരുമാനങ്ങളിലൂടെയാണ് ഒരാളുടെ നിയോഗപൂർത്തീകരണം സാധ്യമാകുന്നത്.

ശുഭദിനം 22-12-2022

# അലങ്കാരഭംഗിയിലല്ല കാര്യം

ഇണക്കിളികൾ കൂട് നിർമിക്കാൻ സ്ഥലം തേടുകയായിരുന്നു. ആദ്യം കണ്ട വലിയ മരത്തോട് അവർ ചോദിച്ചെങ്കിലും ആ മരം സമ്മതിച്ചില്ല. നിരാശകൊണ്ട് പക്ഷികൾ പറഞ്ഞു: അഹന്തയുടെ ഫലം നീ അനുഭവിക്കും. അവർ മറ്റൊരു മരത്തിൽ കൂടുകെട്ടി. തൊട്ടടുത്ത ദിവസം പെയ്ത ശക്തമായ മഴയിൽ ആദ്യത്തെ മരം വീണു. അതുകണ്ട പക്ഷികൾ പറഞ്ഞു: അന്നേ ഞങ്ങൾ കരുതി നിനക്കീഗതി വരുമെന്ന്. മരം പറഞ്ഞു: എന്റെ വേരുകൾക്കു ബലം നഷ്ടപ്പെടുന്നത് ഞാൻ അന്നേ തിരിച്ചറിഞ്ഞിരുന്നു. എന്നിൽ കൂടുകൂട്ടിയിരുന്നെങ്കിൽ നിങ്ങളും നശിച്ചേനെ. അന്നു ഞാൻ നിരസിച്ചതിൽ ക്ഷമിക്കണം.



പുറമേ കാണുന്ന അലങ്കാരഭംഗിയൊന്നും അദൃശ്യമായി നിൽക്കുന്ന അടിത്തറയ്ക്കുണ്ടാകണമെന്നില്ല. അവയെല്ലാം പുറത്തു കാണിച്ച് ആത്മാഭിമാനം നഷ്ടപ്പെടുത്താൻ ആരും തയാറുമല്ല. എന്നും എല്ലാവർക്കും നല്ല കാലമാകില്ല. പക്ഷേ, നല്ല കാലത്തിന്റെ ജീവിതശൈലിയിൽനിന്നു പിൻവാങ്ങാൻ കഷ്ടകാലത്തും ആർക്കും മനസ്സില്ല. അതവരുടെ പ്രതിഛായയ്ക്കുമങ്ങലേൽപിക്കും. അതുകൊണ്ട് പുറമേ എല്ലാം സാധാരണഗതിയിലാണെന്നു തോന്നിപ്പിക്കത്തക്കവിധം സ്വയം നിർമിത ചട്ടക്കൂട്ടിൽ നിന്നായിരിക്കും എല്ലാവരും പെരുമാറുക. അല്ലെങ്കിലും എന്തിനാണ് എല്ലാ വേദനകളും ബലഹീനതകളും എല്ലാവരെയും വിളിച്ചറിയിക്കുന്നത്. അവയറിയുമ്പോഴുള്ള ചിലരുടെ പരിഹാസംകൊണ്ട് ആത്മബലത്തിനു കൂടുതൽ ഇളക്കംതട്ടാനേ സാധ്യതയുള്ളൂ. ജനനം മുതലേ ദുരവസ്ഥയിലായിരുന്നവർക്ക് അങ്ങനെ തുടരുന്നതിലോ അതു മറ്റുള്ളവർ അറിയുന്നതിലോ ബുദ്ധിമുട്ടുണ്ടാകില്ല. പക്ഷേ, ഇന്നലെ വരെ സ്വയംപര്യാപ്തതയുടെ അടിത്തറ ശക്തമായിരുന്നവർക്ക് അതിനു തട്ടിയ കോട്ടം ആരുടെയും മുന്നിൽ പ്രദർശിപ്പിക്കാനാവില്ല.

എല്ലാവർക്കും സ്വന്തം അസ്തിവാരത്തിന്റെ ഉറപ്പിൽനിന്നുമാത്രമേ പെരുമാറാനാകൂ. നാളത്തെ പട്ടിണിയെ ഭയക്കുന്നവന് ഇന്നൊരാളുടെ വിശപ്പുമാറ്റാൻ കഴിഞ്ഞെന്നുവരില്ല. ആർക്കും എപ്പോഴും എല്ലാവരോടും ഒരുപോലെ പെരുമാറാനുമാകില്ല. ഇതൊന്നും തിരിച്ചറിയാതെ തന്റെ ആവശ്യങ്ങളോട് അവഗണന കാണിച്ചതിന്റെ പേരിൽ മാത്രം ഒരാളെ എന്തിനു ശിക്ഷിക്കണം?

**ശുഭദിനം** 24-12-2022

# വരവറിഞ്ഞാകാം ചെലവ്

വേഷപ്രച്ഛന്നനായ രാജാവ് പാടത്തു പണിയെടുക്കുന്ന കർഷകന്റെ ദുരവസ്ഥകണ്ട് അയാളുടെ അടുത്തെത്തി. നാലു സ്വർണനാണയം നീട്ടി പറഞ്ഞു: ഇതു നിങ്ങളുടെ കൃഷിയിടത്തിൽനിന്നു ലഭിച്ചതാണ്. ഇതെടുത്തുകൊള്ളൂ. കർഷകൻ പറഞ്ഞു: ഇവ എന്റേതല്ല, ഇതു മറ്റാർക്കെങ്കിലും കൊടുക്കൂ. രാജാവ് ചോദിച്ചു: നിങ്ങൾക്കെന്താണ് പണം വേണ്ടാത്തത്? അയാൾ പറഞ്ഞു പണം എത്രയുണ്ട് എന്നതിലല്ല, ഉള്ളതെങ്ങനെ ഉപയോഗിക്കുന്നു എന്നതിലാണു കാര്യം. ഞാൻ സമ്പാദിക്കുന്നതിന്റെ ആദ്യഭാഗം കിണറ്റിൽ നിക്ഷേപിക്കും,രണ്ടാം ഭാഗം ഉപയോഗിച്ചു വായ്പയടയ്ക്കും, മൂന്നാമത്തേതു വായ്പ കൊടുക്കും. അവസാനഭാഗം മണ്ണിൽ കുഴിച്ചിടും. ഒന്നും മനസ്സിലാകാതെ നിന്ന രാജാവിനോട് അയാൾ വിശദീകരിച്ചു: ഒന്നാം ഭാഗം കുടുംബത്തിനുവേണ്ടി ചെലവഴിക്കും, രണ്ടാം ഭാഗം മാതാപിതാക്കൾക്കും, അടുത്തത് മക്കളുടെ വിദ്യാഭ്യാസത്തിനും നാലാമത്തേത് വ്യക്തിപരമായ ആവശ്യങ്ങൾക്കും ഉപയോഗിക്കും.



സമ്പാദിക്കുന്നതിലെ മികവിനെക്കാൾ പ്രധാനമാണ് ചെലവഴിക്കുന്നതിലെ വൈദഗ്ധ്യം. ഒരു രാത്രികൊണ്ട് ധനാഢ്യരായ പലരും അടുത്ത പകലിൽ ദാരിദ്ര്യത്തിലേക്കു വഴുതിവീണിട്ടുണ്ട്. പണം സമ്പാദിക്കാൻ കുറുക്കുവഴികൾ ധാരാളമുണ്ടാകും. ക്രിയാത്മകമായി ചെലവാക്കാൻ ധനവിനിയോഗ നൈപുണ്യം നേടുക എന്നതു മാത്രമാണ് മാർഗം. കോടിപതികളോ ലക്ഷപ്രഭുക്കളോ ആകാത്തവർ മനഃസുഖത്തോടെയും സംതൃപ്തിയോടെയും ജീവിക്കുന്നതിനു കാരണം അവരുടെ ധനകാര്യ പ്രാപ്തിതന്നെയാണ്.

വരവും വിനിമയവും മനോഭാവത്തിന്റെ പ്രതിഫലനം കൂടിയാണ്. എത്ര സമ്പാദിച്ചാലും ഒട്ടും ചെലവഴിക്കാത്തവരുണ്ട്. ഒന്നും സമ്പാദിച്ചില്ലെങ്കിലും ചെലവാക്കൽ ശീലമാക്കിയവരുമുണ്ട്. വരവിനനുസരിച്ചു വിനിയോഗിക്കുന്നവരുണ്ട്. ചെലവുചുരുക്കലിനു പ്രാധാന്യം നൽകുന്നവരാണ് ചിലർ. അധികമായി നേടുന്നതെല്ലാം ധൂർത്തടിക്കണമെന്ന ചിന്തയുള്ളവരും കുറവല്ല. ബാങ്കിൽ നിക്ഷേപിക്കുന്നവരും ജീവിതത്തിൽ നിക്ഷേപിക്കുന്നവരുമുണ്ട്. എല്ലാം നേടിയവരിലും ഒന്നും നേടാത്തവരിലും സാമ്പത്തികാസൂത്രണത്തിലെ പ്രാഗല്ഭ്യമോ പാകപ്പിഴകളോ ഒളിഞ്ഞുകിടപ്പുണ്ട്. പണം എല്ലാവർക്കും ആവശ്യമാണ്. അത് ആവശ്യത്തിനുണ്ടെന്ന് ഉറപ്പുള്ളവർ മാത്രമാണ് പണത്തെക്കാൾ വലുതായ മറ്റു നിധികളെക്കുറിച്ചു പ്രഘോഷിക്കുന്നത്.

# ആളിനല്ല, ശിക്ഷ തെറ്റിന്

ചെറിയ കുറ്റങ്ങൾക്കു പോലും തൂക്കുമരമായിരുന്നു രാജാവ് നൽകിയിരുന്ന ശിക്ഷ. ഒരു ദിവസം ജോലിക്കാരിലൊരാൾ കൊട്ടാരത്തിലുണ്ടായിരുന്ന 20 പൂപ്പാത്രങ്ങളിൽ ഒന്നു പൊട്ടിച്ചു. രാജാവ് അയാളെയും തൂക്കിലേറ്റാൻ വിധിച്ചു. എല്ലാമറിഞ്ഞ ഒരു വയോധികൻ രാജാവിനോടു പറഞ്ഞു: എനിക്കു ചിന്നിച്ചിതറിയ ആ പാത്രം പഴയതുപോലെയാക്കാൻ കഴിയും. രാജാവ് സമ്മതിച്ചു. കൊട്ടാരത്തിനുള്ളിലെത്തിയ അയാൾ മറ്റ് 19 പാത്രങ്ങളും അടിച്ചു പൊട്ടിച്ചു. വിവരമറിഞ്ഞു രോഷാകുലനായെത്തിയ രാജാവിനോട് അയാൾ പറഞ്ഞു: ഈ പാത്രങ്ങൾ ഇവിടെയിരുന്നാൽ ഭാവിയിൽ അവ ആരെങ്കിലും പൊട്ടിക്കാൻ സാധ്യതയുണ്ട്. താങ്കൾ അവർക്കെല്ലാം മരണശിക്ഷ വിധിക്കും. ആ 19 പേർക്കു പകരം ഞാനൊരാൾ മരിക്കുന്നതാണ് നല്ലത്. അങ്ങ് എന്നെ വധിച്ചോളൂ.



തീർപ്പുകൾ രണ്ടുവിധത്തിൽ സംഭവിക്കാം; അഹന്തയുടെ അകമ്പടികൊണ്ടും അനന്തരഫലത്തിന്റെ പ്രയോജനം കൊണ്ടും. അധികാരമോ അവകാശമോ ഉള്ളവർ തീരുമാനങ്ങളെടുക്കുമ്പോൾ നുഴഞ്ഞുകയറുന്ന അഹംഭാവം മൂലം അനർഹമായ ശിക്ഷകളേറ്റുവാങ്ങേണ്ടിവരുന്നവർ ദർബാറുകളിൽ മാത്രമല്ല വീടിനകത്തുമുണ്ട്. സ്ഥാനത്തിരിക്കുന്നവരാണ് മിക്കപ്പോഴും തീരുമാനങ്ങളുടെ ഉറവിടം. പരിണതഫലങ്ങളെക്കുറിച്ചും പ്രത്യാഘാതങ്ങളെക്കുറിച്ചും വീണ്ടുവിചാരമില്ലാതെ അധികാരികൾ കൽപിക്കുന്ന എല്ലാ തീർപ്പുകളും സ്വന്തം പ്രഭാവവും പ്രാപ്തിയും പ്രദർശിപ്പിക്കുന്നതിനു മാത്രമാണ്. വിഡ്ഢിത്തങ്ങൾ മാത്രം ചെയ്യുമ്പോഴും തങ്ങളാണു ശരി എന്ന അബദ്ധചിന്തയിൽ അവർ അടിയുറച്ചു നിൽക്കും.

വിധിന്യായങ്ങൾക്കു തിരുത്തൽശേഷിയുണ്ടാകണം. അപകർഷതാബോധത്തിലേക്കോ അനാരോഗ്യത്തിലേക്കോ നയിക്കുന്ന തീരുമാനങ്ങൾ ആരെയും വിചിന്തനത്തിനോ തിരിച്ചുവരവിനോ പ്രേരിപ്പിക്കില്ല. ചെയ്ത കുറ്റവും ഏൽക്കുന്ന ശിക്ഷയും തമ്മിൽ പാരസ്പര്യമുണ്ടാകണം. വലിയ കുറ്റത്തിനു നൽകുന്ന ചെറിയ ശിക്ഷയും ചെറിയ തെറ്റിനു നൽകുന്ന വലിയ ശിക്ഷയും വിധികർത്താക്കളുടെ വ്യക്തിതാൽപര്യങ്ങൾ മാത്രമാണു പ്രകടിപ്പിക്കുന്നത്. ആളിനല്ല, തെറ്റിനാണു ശിക്ഷ വിധിക്കേണ്ടത്. വ്യക്തിയെ വിധിച്ചാൽ വ്യക്തിബന്ധങ്ങളും വ്യക്തിയുടെ വലുപ്പച്ചെറുപ്പവുമെല്ലാം വിധിയെ സ്വാധീനിക്കും. തെറ്റിനെ പരിഗണിച്ചാൽ ആ തെറ്റിന്റെ കാഠിന്യം മാത്രമാകും പ്രസക്തം.